**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2294** **14-10-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ വകുപ്പിലെ പ്രൊമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ചപ്പോൾ അതിന്റെ ഭാഗമായ നഗര കാര്യ ഡയറക്ടറേറ്റിൽ മാത്രം ജോലിചെയ്യുന്നവരിൽ സീനിയർ ക്ലാർക്ക് പ്രൊമോഷനായി ജൂനിയർ സൂപ്രണ്ട് ആകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വകുപ്പിലെ മറ്റ് ജീവനക്കാർക്ക് ഇല്ലാത്ത ആനുകൂല്യം എങ്ങനെ സാധ്യമായി എന്നറിയിക്കാമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | വിവരം ശേഖരിച്ച് വരുന്നു. |
| (ബി) | മറ്റെല്ലാ തദ്ദേശസ്വയംഭരണ വകുപ്പുകളിലും ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ ആയതിനുശേഷം മാത്രമേ ജൂനിയർ സൂപ്രണ്ട് പ്രൊമോഷൻ ലഭിക്കുകയുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | വിവരം ശേഖരിച്ച് വരുന്നു. |
| (സി) | തദ്ദേശസ്വയം ഭരണ വകുപ്പ് രൂപീകരിച്ചപ്പോൾ ഉണ്ടായിരിക്കുന്ന ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ അനോമലി പരിഹരിക്കുന്നതിന് സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; അനോമലി കമ്മിറ്റി ഇപ്പോൾ നിലവിലുണ്ടോ; ഇതിലെ അംഗങ്ങൾ ആരെല്ലാമാണ്; വിശദാംശം നല്കാമോ; | (സി) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന് വേണ്ടി 27/10/2022 ലെ സ.ഉ(സാധാ) നം. 74/2022/ തസ്വഭവ, 27/10/2022 ലെ സ.ഉ(സാധാ) നം 75/2022/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം നിലവിൽ വന്ന സ്പെഷ്യൽ റൂളുകളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി നിലവിലുണ്ടായിരുന്ന എല്ലാ വകുപ്പുകളിലെയും പ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ട് സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ 12 (5) പ്രകാരവും സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ 12 (6) പ്രകാരവും ഒരു പരാതി പരിഹാര സെൽ രൂപികരിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് 07/11/2022 ലെ സ.ഉ(സാധാ)നം 2717/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകി ഉത്തരവാകുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ 09/11/2022 ലെ 1999/ ബി1/PDLSGD/2022 നമ്പർ നടപടിക്രമം പ്രകാരം |

| | | | |
|---|---|---|---|
| | | | സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ തീർപ്പാക്കുന്നതിന് പരാതി പരിഹാര സെൽ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് തലത്തിൽ രൂപീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. പരാതി പരിഹാര സെല്ലിന്റെ കാലാവധി 26/10/2023 ന് അവസാനിച്ചതിനാൽ 04/11/2023ലെ സ.ഉ(സാധാ) നം 2177/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 27/10/2023 മുതൽ 3 മാസത്തേയ്ക്ക് കൂടി സെല്ലിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവായിട്ടുള്ളതുമാണ്. അനോമലി കമ്മിറ്റിയിലെ അംഗങ്ങളുടെ വിവരം ചുവടേ ചേർക്കുന്നു<br><br>1. പ്രിൻസിപ്പൽ ഡയറക്ടർ - അദ്ധ്യക്ഷൻ<br><br>2.ഡയറക്ടർ (റൂറൽ) - സഹാദ്ധ്യക്ഷൻ<br><br>3.ഡയറക്ടർ (അർബൻ) - സഹാദ്ധ്യക്ഷൻ<br><br>4.ശ്രീ എം.പി അജിത്കുമാർ, അഡീഷണൽ ഡയറക്ടർ (എ.ഇ)- കൺവീനർ<br><br>5. ശ്രീമതി കെ വനജകുമാരി, അഡീഷണൽ ഡയറക്ടർ(സി&.എസ്.എസ്) - അംഗം<br><br>6. ശ്രീമതി ത്രേസ്യാമ്മ ആന്റണി, ജോയിന്റ് ഡയറക്ടർ (സി.ആർ)- അംഗം<br><br>7. ശ്രീ കെ ഹരികുമാർ ജോയിന്റ് ഡയറക്ടർ (എസ്.പി.എൽ)- അംഗം<br><br>8. ശ്രീ സുന്ദർലാൽ എ.ആർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ - അംഗം<br><br>9.ശ്രീ എം.എ മാസും, സീനിയർ ടൌൺ പ്ലാനർ - അംഗം<br><br>10.അഡ്വ. കെ.റ്റി ജോർജ്ജ്, കില, ലീഗൽ കൺസൾട്ടന്റ്, പരാതി പരിഹാരം സെൽ |
| (ഡി) | തദ്ദേശസ്വയം ഭരണ വകുപ്പ് രൂപീകരിച്ചപ്പോൾ പഴയ മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പ്രൊമോഷൻ സാധ്യത മുമ്പുണ്ടായിരുന്നതിനെക്കാൾ കുറഞ്ഞിട്ടുണ്ടോ; വിശദീകരണം നൽകാമോ; | (ഡി) | ഏകീകൃത തദ്ദേശ സ്വയംഭരണ വകപ്പിനു വേണ്ടി 27/10/2022 ലെ സ.ഉ(സാധാ) നം 74/2022/ തസ്വഭവ, 27/10/2022 ലെ സ.ഉ(സാധാ) നം 75/2022/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം നിലവിൽ വന്ന സ്പെഷ്യൽ റൂളിലെ ഖണ്ഡിക 1 2ൽ 2 പ്രകാരം 27/10/2022നു മുമ്പ് സർവ്വീസിലുള്ള എല്ലാ കാറ്റഗറിയിലെയും ഉദ്യോഗസ്ഥർക്കും സീനിയോറിറ്റി, സ്ഥാനക്കയറ്റം, ബൈ ട്രാൻസ്ഫർ നിയമനം എന്നിവയ്ക്ക്, റൂൾസ് നിലവിൽ വരുന്നതിന് മുൻപുണ്ടായിരുന്ന എല്ലാ അവകാശങ്ങളും തുടർന്നും |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതായിരിക്കും എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ആയതിനാൽ തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് രൂപീകരിച്ചപ്പോൾ പഴയ മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പ്രൊമോഷൻ സാധ്യത മുമ്പുണ്ടായിരുന്നതിനെക്കാൾ കുറഞ്ഞിട്ടില്ല. |
| (ഇ) | കേരളാ മുൻസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിൽ എച്ച്.സി.,ആർ.ഐ., ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്, അക്കൗണ്ട്സ് ഓഫീസർ, റവന്യൂ ഓഫീസർ, കൗൺസിൽ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി എന്നീ തസ്തികകളിൽ ഗ്രാമവികസനം, പഞ്ചായത്ത്, അർബൻ അഫയേഴ്സ് , തദ്ദേശ സ്വയംഭരണ എൻജിനീയറിങ് എന്നീ വകുപ്പുകളിൽനിന്നും എത്ര ജീവനക്കാരെ പ്രൊമോഷൻ, സ്ഥലംമാറ്റം എന്നിവ മുഖേന നിയമിച്ചിട്ടുണ്ട്; വിവരം ലഭ്യമാക്കാമോ; | (ഇ) | വിവരം ശേഖരിച്ച് വരുന്നു. |
| (എഫ്) | മുൻസിപ്പൽ സർവ്വീസിൽ 6 അക്കൗണ്ട്സ് ഓഫീസർ, 93 അക്കൗണ്ട്സ് അസിസ്റ്റന്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചതിന്മേൽ നാളിതുവരെ നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; നിയമനങ്ങൾ നടത്തിയിട്ടില്ലായെങ്കിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ? | (എഫ്) | വിവരം ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ